**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 108** **18-01-2021 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ,<br>ശ്രീ. റോജി എം. ജോൺ** | | **Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിലെ നന്ദാരപടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ നിർമ്മിക്കുന്ന മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ പ്രതീക്ഷിച്ച വേഗത്തിൽ മുന്നോട്ട് പോകുന്നില്ലായെന്നത് വസ്തുതയാണോ; എങ്കിൽ അതിന്റെ കാരണം എന്താണെന്ന് അറിയിക്കാമോ ; | (എ) | കാസർഗോഡ് ജില്ലയിലെ നന്ദാരപടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 1251.04 കി.മീ. നീളത്തിലാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. 12 മീറ്റർ വീതിയിലാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. നിലവിലുള്ള പഞ്ചായത്ത് റോഡുകൾ, പൊതുമരാമത്ത് റോഡുകൾ, ദേശീയപാതാ റോഡുകൾ എന്നിവ ബന്ധപ്പെടുത്തിയാണ് മലയോര ഹൈവേയുടെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുള്ളത്. മലയോര ഹൈവേയുടെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. വില നൽകി ഭൂമി ഏറ്റെടുത്തുള്ള വികസനം മലയോര ഹൈവേ നിർമ്മാണത്തിൽ സ്വീകരിച്ചിട്ടില്ല. അതിനാൽ ഭൂമി ലഭ്യമായിട്ടുള്ള സ്ഥലങ്ങളിൽ മലയോര ഹൈവേ നിർമ്മാണം വേഗത്തിൽ പുരോഗമിക്കുന്നുണ്ട്. എന്നാൽ 12 മീറ്റർ വീതിയിൽ റോഡ് വികസിപ്പിക്കുന്നതിന് ആവശ്യമായ തരത്തിൽ ഭൂമി ലഭ്യമായിട്ടില്ലാത്ത സ്ഥലങ്ങളിൽ പ്രസ്തുത സ്ഥലങ്ങളിലെ ജനപ്രതിനിധികളുടെ സഹായത്തോടെ സൗജന്യമായി ഭൂമി ലഭ്യമാക്കി പദ്ധതി നടപ്പിലാക്കാനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. അതുപോലെ കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം. കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിൽ മലയോര ഹൈവേയുടെ അലൈൻമെന്റ് വനഭൂമിയിലൂടെ കടന്നു പോകുന്നുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ വനഭൂമി ലഭ്യമാക്കിയാൽ മാത്രമേ പൂർണ്ണമായിട്ടും ഹൈവേ നിർമ്മാണം സാധ്യമാകുകയുള്ളൂ. ഇതിനായി വനം വകുപ്പിന് അപേക്ഷകൾ പ്രസ്തുത ജില്ലകളിൽ നിന്നും സമർപ്പിച്ചിട്ടുണ്ട്. വനം വകുപ്പിൽ നിന്നും സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികളും |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചുവരുന്നുണ്ട്. സ്ഥലം ലഭ്യമായിട്ടുള്ള സ്ഥലങ്ങളിൽ മലയോര ഹൈവേ നിർമ്മാണം പുരോഗമിക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ 4 റീച്ചുകളിൽ പ്രവൃത്തി പുരോഗമിക്കുന്നുണ്ട്. ഇതിൽ ഒരു റീച്ചിലെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ മരിച്ചു പോയതിനാൽ ബാലൻസ് പ്രവൃത്തി പുന:ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൊല്ലം ജില്ലയിൽ മലയോര ഹൈവേ നിർമ്മാണം 90% പൂർത്തീകരിച്ചു. ഇടുക്കി ജില്ലയിൽ ആരംഭിച്ച ഒരു പ്രവൃത്തി 10% പൂർത്തീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ഒരു റീച്ചിന്റെ പ്രവൃത്തി 22% - വും മറ്റൊരു റീച്ചിലെ പ്രവൃത്തി 7% - വും പൂർത്തീകരിച്ചു. തുടർ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. കോഴിക്കോട് ജില്ലയിൽ ആരംഭിച്ച ഒരു പ്രവൃത്തി 10% - വും വയനാട് ജില്ലയിൽ ആരംഭിച്ച ഒരു പ്രവൃത്തി 25% -വും പൂർത്തീകരിച്ചു. കണ്ണൂർ ജില്ലയിൽ മലയോര ഹൈവേയിലെ ആദ്യഘട്ടം 2016 ൽ ഡി.എഫ്.ഐ.പി. യിൽ ഉൾപ്പെടുത്തി ആരംഭിച്ചിരുന്നതാണ്. ടി പ്രവൃത്തിയുടെ റോഡ് മാർക്കിംഗ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ 4 റീച്ചുകൾക്ക് അംഗീകാരം ലഭിച്ചു. മൂന്ന് റീച്ചുകളിലെ പ്രവൃത്തികൾ നല്ല പുരോഗതിയിലാണ്. ഇതിൽ നന്ദാരപടവ് ചേവാർ റീച്ചിലെ പ്രവൃത്തി 99% -വും പൂർത്തീകരിച്ചു. കോളിച്ചാൽ ചെറുപുഴ റീച്ചിലെ പ്രവൃത്തി 60% പൂർത്തീകരിച്ചു. കൂടാതെ കോളിച്ചാൽ എടപ്പറമ്പ റീച്ചിലെ പ്രവൃത്തി 60% - വും പൂർത്തീകരിച്ചിട്ടുണ്ട്. മലയോര ഹൈവേയ്ക്ക് ആവശ്യമായ ഭൂമി സൗജന്യമായി ലഭ്യമാക്കി മറ്റ് റീച്ചുകളിൽ കൂടി നടപ്പിലാക്കി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിനകം കിഫ്ബിയിൽ സമർപ്പിച്ച എത്ര റീച്ചുകൾക്ക് അംഗീകാരം ലഭിച്ചു; വിശദാംശം നൽകാമോ; | (ബി) | മലയോര ഹൈവേയുടെ നിർമ്മാണം ഓരോ ജില്ലയിലും വിവിധ റീച്ചുകളിലായി തിരിച്ചാണ് നടപ്പിലാക്കുന്നത്. തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്,കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്നായി 27 റീച്ചുകളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇതിൽ 21 റീച്ചുകളുടെ ഡി.പി.ആറിന് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചിരുന്നു. ഇത് സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | കിഫ്ബി അംഗീകാരം ലഭിച്ച റീച്ചുകളിൽ ഇതിനകം എത്ര കി.മീ. റോഡിന്റെ പണി പൂർത്തിയായെന്ന് വെളിപ്പെടുത്താമോ; | (സി) | തിരുവനന്തപുരം ജില്ലയിൽ അംഗീകാരം ലഭിച്ച 61.7 കി.മീ.റീച്ചിൽ 18.97 കി.മീ. ൽ WMM വരെ പൂർത്തിയായിട്ടുണ്ട്. 9 കി.മീ. നീളത്തിൽ DBM |

| | | | |
|---|---|---|---|
| | | | പൂർത്തിയായി. അതോടൊപ്പം ഓടയുടെ പ്രവൃത്തി, കലുങ്ക് നിർമ്മണം, സംരക്ഷണഭിത്തി നിർമ്മാണം, റോഡ് വീതികൂട്ടൽ മുതലായവ നടന്നു വരുന്നു. കൊല്ലം ജില്ലയിൽ 46.10 കി.മീ. (99%) പ്രവൃത്തി പൂർത്തീകരിച്ചു. ഇടുക്കി നിരത്ത് വിഭാഗത്തിനു കീഴിൽ കുട്ടിക്കാനം ചപ്പാത്ത് റോഡിൽ (0/000 മുതൽ 19/000) ആദ്യത്തെ 8 കി.മീ. വീതികൂട്ടൽ, കലുങ്ക് നിർമ്മണം, സംരക്ഷണഭിത്തി നിർമ്മണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. 8 കി.മീ. മുതൽ വീതികൂട്ടൽ നടന്നു വരുന്നു. കണ്ണൂർ ജില്ലയിൽ 49.135 കി.മീ. നീളത്തിൽ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. റോഡ് മാർക്കിംഗ് മാത്രമേ അവശേഷിക്കുന്നുള്ളൂ. കാസർഗോഡ് ജില്ലയിൽ നന്ദാരപടവ് മുതൽ ചേവാർ വരെയുള്ള 23 കി.മീ. ഭാഗത്തെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | മലയോര ഹൈവേയുടെ വനം മേഖലകളിലൂടെ കടന്ന് പോകുന്ന ഭാഗത്തെ വനഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | മലയോര ഹൈവേ നിർമ്മാണത്തിനായി കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, വയനാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ വനഭൂമി ആവശ്യമായി വരുന്നുണ്ട്. ഈ ജില്ലകളിൽ നിന്നും വനഭൂമി ലഭ്യമാക്കുന്നതിനായി വനം വകുപ്പിന് ഓൺലൈനായി അപേക്ഷകൾ സമർപ്പിച്ചിരിരുന്നുവെങ്കിലും വനം വകുപ്പിൽ നിന്നും അനുമതി ഇതുവരെ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| No | District | LAC | Project | Amount in DPR (Rs. Crore) | Length of project approved (km) | Amount of Project Approved (Cr) | Length of project Tendered (km) | Amount of Work Tendered (Rs. Cr) | [illegible] (Y/N) | [illegible] | [illegible] (Y/N) | Work [illegible] (Y/N) | Work [illegible] (Y/N) | [illegible] (Y/N) | Contractor | Agreement No | Agreement Date | Physical Progress % | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | TVPM | Parassala | KIIFB Improvements to Hill Highway Kallikkadu to Parassala (First phase: Kudappanamoodu to Parassala) in Thiruvananthapuram District | 99.400 | 15.495 | 53.840 | 15.495 | 58.840 | Y | Y | Y | Y | Y | | G.Sukumaran | 24/PWD013-05/PB/PMU-KRFB/2018-19 | 03.07.2018 | 8% | |
| 2 | | | KIIFB Improvements to Hill Highway Kallikkadu to Parassala (Second phase: Kallikkad to Kudappanamoodu) in Thiruvananthapuram District | | 15.705 | 54.907 | 7.650 | 35.800 | Y | Y | Y | Y | Y | | Thejudeen A | 17/PWD013-05/PB/PMU-KRFB/201-20 | 10.02.2020 | 25% | |
| 3 | TVPM | Vamanapuram, Aruvikkara, Parassala | Improvements of Hill Highway from Kallayil Challimukku - Palode, Vithura Iruthalamoola, Aryanad - Kallikkadu Total length 21.080Km in Thiruvananthapuram District | 66.300 | 21.080 | 54.720 | 21.080 | 54.720 | Y | Y | Y | Y | Y | | M/s Sreedhanya Construction Company | 03/PWD013-20/PB/PMU-KRFB/2019-20 | 03.06.2019 | 35% | |
| 4 | TVPM | Vamanapuram, Aruvikkara | Improvements to Hill Highway -Peringammala – Vithura (Koppam), (Length - 9.45Km) in Thiruvananthapuram District | 44.750 | 9.450 | 45.350 | 9.450 | 41.390 | Y | Y | Y | Y | | | M/s. Revive Construction Company (India) Pvt Ltd. | 27/PWD013-22/PB/PMU-KRFB/2020-21 | 05-11-2020 | Started | |
| 5 | KLM | Punalur, Chadayamangalam | Development of Hill Highway in Kollam District: Punalur KSRTC Jn-Agasthyakode Alencherry Kulathupuzha-Madathara-Kollayil | 240.200 | 48.100 | 201.670 | 48.100 | 201.670 | Y | Y | Y | Y | Y | | M/s Sreedhanya Construction Company | 26/PWD013-03/PB/PMU-KRFB/2018-19 | 30.05.2018 | 99% | |
| 6 | IDK | Peerumade | Improvements To Hill Highway Between Ch: 0/000 To 19/000 -Kuttikkanam To Chappathu in Idukki District | 64.700 | 19.000 | 73.810 | 19.000 | 68.550 | Y | Y | Y | Y | Y | | M/s Thelliyath Builders | 19/PWD013-05/PB/PMU-KRFB/2019-20 | 09.03.2020 | 10% | |
| 7 | IDK | Idukki | HILL HIGHWAY -Improvements to Peerumade Devikulam road km 39/000 to 80/050 and Thodupuzha Puliyanmala road km 85/500 to 92/167 | 73.500 | 27.717 | 64.530 | | | Y | Y | | | | | | | | | |
| 8 | IDK | Udumbanchola | Hill Highway - Improvements to Myladumpara Puliyanmala Road in Idukki District | 93.140 | | | | | Y | | | | | | | | | | |
| 9 | EKM | Kothamangalam | Improvements to Hill Highway -Cheranganal to Neriamangalam Ch 0/000 to 32/800 in Ernakulam District | 85.800 | | | | | Y | | | | | | | | | | |
| 10 | EKM | Perumbavoor | CONSTRUCTION OF HILL HIGHWAY CHETTINADA-PANAMKUZHY JUNCTION PAYYAL-CHERANGANAL IN ERANAKULAM DISTRICT | 67.656 | | | | | Y | | | | | | | | | | |
| 11 | TSR | Chalakkudy | Development of Hill Highway SH 59 – Improvements from Vellikulangara to Vettilappara bridge in Thrissur district | 79.105 | 19.000 | 80.576 | | | Y | Y | | | | | | | | | |
| 12 | TSR | Ollur | Development of Hill Highway SH 59 – Improvements to Pattikad-Vilangannur-Mennamangalam-Pulikanni-Vellikulangara-Vettilapara Road in Thrissur District-Phase II from ch0/000 to 5/300 | 10.340 | | | | | Y | | | | | | | | | | |
| 13 | PLKD | Malampuzha, Chittur, Nenmara | Hill Highway 2nd reech in Palakkad District-Improvements to Kiduthpathu to Kollengode km72/000 to 100/500 Koottupatha to Kollengode 27.500km | 57.700 | | | | | Y | | | | | | | | | | |

| | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 14 | PLKD | Alathur, Nenmara | Hill highway - First reach in Palakkad district from Kollengode Vadakkencheri Km 100/500 to 129/000 | 65.000 | | | | | Y | | | | | | | | | | |
| 15 | MLPM | Nilambur | Hill Highway - Widening and Providing BM & BC to Pookkottumpadam - Thampurattikkallu Munderi seed farm gate road - Nilambur LAC in Malappuram District 32.19 Km | 111.000 | 32.190 | 116.380 | 15.000 | 64.300 | Y | Y | Y | Y | Y | | M/s Uralungal Labour Contract Co-operative society Ltd | 16/PWD013-12/PD/PMU-KBFB/2019-20 | 24.01.2020 | 27% | |
| | | | Hill Highway - Widening and Providing BM & BC to Pookkottumpadam - Thampurattikkallu Munderi seed farm gate road - Nilambur LAC in Malappuram District 32.19 Km- 2nd Reach Chathanmunda to Munderi Seed Farm Gate (KM 24/280 to KM 34/375) - (Part TS II) | | | | 10.095 | 40.980 | | | Y | Y | | | M/s Uralungal Labour Contract Co-operative society Ltd | 11/PWD013-12/PD/PMU-KRFB/2020-21 | 18.09.2020 | 7% | |
| | | | Hill Highway - Widening and Providing BM & BC to Pookkottumpadam - Thampurattikkallu Munderi seed farm gate road - Nilambur LAC in Malappuram District 32.19 Km- 3rd Reach Chathanmunda to Munderi Seed Farm Gate (KM 24/280 to KM 34/375) - | | | | | | | | | | | | | | | | |
| 16 | MLPM | Nilambur, Eranad | Hill Highway - Widening and Providing BM & BC to Pookottumpadam - Moolepadam bridge Road in Nilambur & Eranad LACs, Malappuram district 20.5 Km | 75.000 | 20.500 | 49.500 | | | Y | Y | | | | | | | | | |
| 17 | MLPM | Nilambur, Wandoor | Hill Highway 2017-2018 Pookottumpadam – Kalikavu – Kerala estate – Kizhakkethala Karuvarakundu - Chirakkal – Pulvetta – Karinkanthoni – Ponapara Km 47/890 to Km 74/200 in Malappuram District | 126.910 | 26.310 | 103.110 | 8.700 | 41.960 | Y | Y | Y | Y | | | M/s. Malabar Associates | 14/PWD013-10/PD/PMU-KRFB/2020-21 | 24.09.2020 | 5% | |
| 18 | KKD | Nadapuram | Hill Highway first reach Pullaval to Thottilpalam 0/000 to 28/000 in Kozhikkode District (Pulluval) | 96.800 | 28.000 | 88.130 | | | Y | Y | | | | | | | | | |
| 19 | KKD | Thiruvambadi | Construction of Hill Highway between Kodanchery and Kakkadampoyil Km.83.900 to 119.250 in Kozhikode District | 134.000 | 35.350 | 144.000 | 35.350 | 168.880 | Y | Y | Y | Y | Y | Y | M/s Uralungal Labour Contract Co-operative Society Ltd | 06/PWD013-16/PD/PMU-KRFB/2020-21 | 18.06.2020 | 10% | |
| 20 | KKD | Koduvally, Thiruvambadi | CONSTRUCTION OF HILL HIGHWAY BETWEEN THALAYAD - MALAPURAM KODENCHERY 18KM IN KOZHIKODE DISTRICT | 77.000 | 9.890 | 48.750 | | | Y | Y | | | | | | | | | |

| | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 21 | WYND | Kalpotte | Hill Highway-2nd Phase Kalpetta ConstituencyPachilakkad-Kalnatty-Kalpetta Bypass-Meppadi-ChoorlamalaArunappuzhaImprovements to Mananthavady-Kalpotta Road from 24/600 to 30/000, Kalpetta Bypass | 99.600 | 16.750 | 57.780 | 16.750 | 57.760 | Y | Y | Y | Y | Y | | M/s RDS development and Constructions (I) Pvt Ltd | 6/PWD013-13/PD/PMU-KRFB/2019-20 | 20.08.2019 | 25% | |
| 22 | WYND | Mananthavady | Hill highway in Wayanad District-1st Phase – Kottiyoor Boys town road km. 2/500 to 6/270 and Boys town (43rd Mile)ValadKunkichira road km 8/300 to 19/100 and Thalasseri Bavali Road Km. 68/200 to 69/780 , 70/390 to 77/790 and 78/010 to 81/00 and Manathavady | 139.102 | 43.000 | 114.130 | | | Y | Y | | | | | | | | | |
| 23 | KNR | Thalassery | Improvements to Hill Highway from Vallithod to Ambayathod between Km 36/506 to 45/000,58/450 to 60/480 and 64/700 to 90/000 in Kannur District | 52.560 | 35.824 | 50.470 | | | Y | A | | | | | | | | | |
| 24 | KSGD | Kanhangad, Uduma | Improvements to the Hill highway road From Chevar to Edaparamba km 48.635 in Kasaragode District | 49.674 | 49.074 | 83.650 | | | Y | Y | | | | | | | | | |
| 25 | KSGD | Manjeswar | Improvements to the Hill high way road From Nandarapadvu to Chevar at KM 0/000 to 23/000 in Kasaragod District | 67.600 | 23.000 | 54.760 | 23.000 | 54.760 | Y | Y | Y | Y | Y | | M/s K K Builders | 13/PWD013-08/PD/PMU-KRFB/2018-19 | 18.06.2018 | 99% | |
| 26 | KSGD | Kanhangad, Trikaripur | KIIF-8-2017/18 IMPROVEMENTS TO HILL HIGHWAY KOLICHAL- CHERUPUZHA - ROAD KM 0/000 TO 51/200 BM & BC IN KASARAGOD DISTRICT | 95.000 | 28.877 | 82.000 | 28.877 | 82.000 | Y | Y | Y | Y | Y | | M/s Uralungal Labour Contract Co-operative Society Ltd | 83/PWD013-16/PD/PMU-KRFB/2018-19 | 05.03.2019 | 60% | |
| 27 | KSGD | Kanjangad , Uduma | Improvements to the Hill high way Kolichal – Edapparamba road at KM 0/000 to 24/400 in Kasaragod District | 79.050 | 24.400 | 65.150 | 24.400 | 65.150 | Y | Y | Y | Y | Y | | T.A. Abdul Rahiman | 24/PWD013-17/PD/PMU-KRFB/2018-19 | 03.07.2018 | 60% | |
| | | | | 2249.865 | 549.413 | 1726.397 | 283.147 | 1061.760 | 27 | 11 | 14 | 14 | 11 | | | 14 | | | |